Prot.No.1522/2018 22 August 2018

സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ,

പ്രളയത്തിന ഏറെക്കുറെ ശമനമായി. മഴമൂലവും അണക്കെട്ടുകൾ തുറന്നതുമൂലവുമുള്ള വെള്ളത്തിന്റെ വരവും നിലച്ചിട്ടുണ്ട്. എങ്കിലും പടിഞ്ഞാറൻ പ്രദേശങ്ങളിൽ വിശിഷ്യ, കുട്ടനാ ട്, ചെങ്ങന്നൂർ മുതലായ പ്രദേശങ്ങളിൽ പല വീടുകളും ഇപ്പോഴും വെള്ളക്കെട്ടിലാണ്. ദുരിതാ ശ്വാസപ്രവർത്തനങ്ങളും ജനങ്ങളുടെ പുനരധിവാസവുമാണ് ഇനി നമ്മുടെ മുമ്പിലുള്ള പ്രധാന ധർമ്മം. സർക്കാരും ഉദ്യോഗസ്ഥരും സഭയും പലതലങ്ങളിലുള്ള സന്നദ്ധസംഘടന കളും ഈ രംഗത്ത് കൈകോർത്ത് പ്രവർത്തിക്കുന്നുണ്ട് എന്നത് വളരെ ആശ്വാസകരമായ വസ്തുതയാണ്. യുവജനങ്ങളുടെ സാന്നിദ്ധ്യവും സജീവമാണ്.

കേരളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിന സർക്കാരിന്റെ പരിശ്രമങ്ങളെ സഹായിക്കുക എന്നത് നമ്മുടെ കടമയാണ്. കെ.സി.ബി.സി യുടെ പ്രസിഡന്റ് കേരളത്തിലെ കത്തോലിക്കാ സഭയ്ക്കു വേണ്ടി ഒരു കോടി രൂപാ മുഖ്യമന്ത്രിയെ ഏൽപ്പിച്ചു. ഇതര ക്രൈസ്തവ സഭകളും അപ്രകാരം സംഭാവനകൾ നൽകിയിട്ടുണ്ട്. . കെ.സി.ബി.സി യുടെ സംഭാവനയിൽ സീറോ മലബാർ സഭയുടെ പങ്കും ഉണ്ടെന്നു നിങ്ങൾക്കറിയാമല്ലോ.സീറോ മലബാർ സഭയുടെ പൊതു വായ ആഭിമുഖ്യത്തിൽ പിരിക്കുന്ന മുഴുവൻ തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടി ലേക്കു നൽകുന്നതാണ്. സർക്കാരിന്റെ പുനരധിവാസപ്രവർത്തനങ്ങളോട് സഹകരി ക്കുന്നതോടൊപ്പം നമ്മുടെ രൂപതകളുടെയും സമർപ്പിത സമൂഹങ്ങളുടെയും ആഭിമുഖ്യത്തിൽ നടക്കുന്ന പുനരുദ്ധാരണപ്രവർത്തനങ്ങൾക്കും സാമ്പത്തികം ആവശ്യമാണല്ലോ. അത്തരം പ്രവർത്തനങ്ങൾക്കും എല്ലാവരും സഹായസഹകരണങ്ങൾ നൽകി വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ദുരിതാശ്വാസപ്രവർത്തനങ്ങൾ നാം നിർവഹിച്ച രീതി കേരളജനതയുടെ ഒത്തൊരുമയുടെയും ഐക്യദാർഢ്യത്തിന്റെയും ഉത്തമ നിദർശനമായിരുന്നു. അതിൽ മത്സ്യത്തൊഴിലാളികൾ നിർവഹിച്ച പങ്ക് അവിസ്മരണീയമാണ്. പ്രധാനമായും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ പ്രദേശങ്ങളിൽ നിന്നു വന്ന മത്സ്യത്തൊഴിലാളികളാണ് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. പത്തനംതിട്ട, ചെങ്ങന്നൂർ, കുട്ടനാട് എന്നിവിടങ്ങളിൽ ആയിരങ്ങളുടെ ജീവൻ രക്ഷിക്കാൻ സാധിച്ചത് അവരുടെ സാഹസികമായ യത്നത്തിലൂടെയാണ്. ആരും ആവശ്യപ്പെ ട്ടിട്ടല്ല അവർ വന്നത്; സ്വമേധയാ വള്ളങ്ങളും ബോട്ടുകളുമായി വന്നു. നഷ്ടങ്ങളെക്കുറിച്ചോ, ചെലവുകളെക്കുറിച്ചോ അവർ ചിന്തിച്ചില്ല. അവസരത്തിനൊത്ത് ഉയർന്നു പ്രവർത്തിക്കുക യാണ് ചെയ്തത്. നമ്മുടെ കടലോരമക്കളുടെ വിശ്വാസത്തിന്റെയും സഹോദരസ്നേഹത്തി ന്റെയും വലിയ ഒരു സാക്ഷ്യമാണ് ഇവിടെ പ്രകടമായത്. അവരിലൂടെ ദൈവത്തിന്റെ മഹത്വം ഈ സന്ദർഭത്തിൽ പ്രകാശിതമാകുകയായിരുന്നു.

ദുരിതാശ്വാസക്യാമ്പുകളിൽ കഴിഞ്ഞ ലക്ഷക്കണക്കിനാളുകൾക്ക് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വലിയൊരു സാക്ഷ്യം നൽകുവാൻ എത്രയോ പേർ സന്നദ്ധരായി. ഇപ്പോഴും ക്യാമ്പുകൾ നിലനിൽക്കുന്ന സ്ഥലങ്ങൾ ഉണ്ട്. അതുപോലെ സൈന്യത്തിന്റെയും പോലീസിന്റെയും സേവനവും സമർപ്പണത്തിന്റെ സാധകപാഠമായിരുന്നു. സഭയുടെ ഭാഗത്തുനിന്ന് സോഷ്യൽ സർവീസ് സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ മെത്രാ ാരും വൈദികരും ചേർന്നു നടത്തിയ രക്ഷാപ്രവർത്തനങ്ങളെ സ്നേഹപൂർവം അഭിനന്ദിക്കുന്നു. മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്തായി. 5 : 16). എന്ന സുവിശേഷ വചനം ഇവിടെ അന്വർത്ഥമായി. പ്രളയത്തിൽ ജീവഹാനി സംഭവിച്ചവരെയും അവരുടെ ദു:ഖിതരായ കുടുംബാംഗങ്ങളെയും നമുക്ക് ദൈവകാരുണ്യത്തിന സമർപ്പിക്കാം.

ഉരുൾപൊട്ടൽമൂലവും മണ്ണിടിച്ചിൽ മൂലവും കെട്ടിടങ്ങൾ ഇടിഞ്ഞുവീണതുമൂലവും കുടുംബങ്ങൾ മുഴുവനായി തിരോധാനം ചെയ്ത ദു:ഖസംഭവങ്ങളും ഉണ്ടല്ലോ. ഇത്തരം സംഭവങ്ങളിൽ ദു:ഖിതരായിരിക്കുന്നവർക്ക് ആശ്വാസത്തിന്റെയും കരുതലിന്റെയും സഹായഹസ്തങ്ങൾ നീട്ടുവാൻ നമുക്ക് പരിശ്രമിക്കാം. ഈ പ്രളയത്തിന്റെ പ്രഹരത്തിൽ നാം ഭഗ്നാശരാകേണ്ടതില്ല. ദൈവം നമ്മോടുകൂടയെുണ്ട്. മനുഷ്യന്റെ ദൗർബല്യങ്ങൾ തി കൾ സൃഷ്ടിക്കുന്നതുപോലെ പ്രകൃതിയുടെ ദൗർബല്യവും ഈ പ്രളയത്തിൽ പ്രകടിതമായി എന്ന് മനസ്സിലാക്കുകയാണ് വേണ്ടത്. എല്ലാ നഷ്ടങ്ങൾക്കും ദൈവം പരിഹാരം തരും. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിലുള്ള പ്രത്യാശ കൈവെടിയാതെ നമുക്കൊന്നിച്ചു മുന്നേറാം. കാരുണ്യവാനായ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ !
ഈശോയിൽ സ്നേഹപൂർവ്വം,



കർദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗ സെന്റ് തോമസ്സിലുള്ള മേജർ ആർച്ചബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന
2018-ാം ആ ആഗസ്റ്റ മാസം 22-ാം തിയതി നൽകപ്പെട്ടത്.

---

NB - ഈ സർക്കുലർ ഓഗസ്റ്റ് 26-ാം തീയതി ഞായറാഴ്ച കുർബാനയുള്ള ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിന്റെ ഉള്ളടക്കം ജനങ്ങളെ അറിയിക്കുകയോ ചെയ്യേ താണ്.